# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 25, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**<u>ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം പദ്ധതി</u>**

*481 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ വി ജോയി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ജനസമൂഹത്തിന്റെ വികസനം സാധ്യമാക്കി രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനം എന്ന ലക്ഷ്യത്തിലധിഷ്ഠിതമായി ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏത് മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്കും സംരംഭകർക്കും നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**<u>സഹകരണ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ</u>**

*482 **ശ്രീമതി ദെലീമ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്ത് സുതാര്യതയും വിശ്വാസവും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഭരണതലത്തിൽ

നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദീകരിക്കാമോ;

(ബി) ഇതിനോടനുബന്ധിച്ച് സഹകരണ മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും മാറിയ സാഹചര്യത്തിനനുസരിച്ചുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും നടപ്പാക്കുന്ന വിവിധ പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണ ഭരണരംഗത്തെ ആധുനികവൽക്കരിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ ഈ രംഗത്ത് ഏർപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സോളാർ നിലയങ്ങളിൽ ഡിസ്ട്രിബ്യൂട്ടഡ് കമ്യൂണിറ്റി സ്റ്റോറേജ്</u>

*483 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഇൻവേർട്ട് ചെയ്യാതെ നേരിട്ട് സംഭരിക്കുന്ന വിധത്തിൽ മെഗാസ്കെയിൽ സോളാർ നിലയങ്ങളോടനുബന്ധമായി ബാറ്ററി സ്റ്റോറേജ് ആസൂത്രണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദമാക്കാമോ;

(ബി) സോളാർ വൈദ്യുതി ഉല്പാദനം വൻതോതിൽ വർദ്ധിക്കുന്നത് ഗ്രിഡ് സ്റ്റെബിലിറ്റിയെ ബാധിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുരപ്പുറ സോളാർ നിലയങ്ങളെ കണക്ട് ചെയ്ത് മൈക്രോഗ്രിഡ് രൂപപ്പെടുത്തി അതിന്റെ തുടർച്ചയായി ഡിസ്ട്രിബ്യൂട്ടഡ് കമ്യൂണിറ്റി സ്റ്റോറേജ് വിഭാവനം ചെയ്താൽ ഗ്രിഡ് സ്റ്റെബിലിറ്റിയെ വലിയ തോതിൽ ബാധിക്കാതെ സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഇത്തരം പദ്ധതികൾക്ക് നിയമപരമായ പരിമിതികളുണ്ടോ; കൃത്യമായ നിയമ വ്യവസ്ഥകൾ രൂപപ്പെടുത്തി ഇത്തരം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയാൽ അത് രാജ്യത്തിന് മാതൃകയായി മാറാനിടയുണ്ട് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ആംനസ്റ്റി പദ്ധതി</u>

*484 **ശ്രീമതി കെ. കെ. രമ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ഇളവ് നൽകുന്നതിന് ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ അതിലൂടെ ഖജനാവിൽ നികുതി ഇനത്തിൽ എത്തേണ്ട തുകയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരം ഒരു നടപടി സ്വീകരിക്കാനുണ്ടായ കാരണം വിശദമാക്കുമോ?

## കടൽത്തീരപ്രദേശങ്ങളിലെ മണൽ നിക്ഷേപം

*485 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ നിക്ഷേപമുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മണൽ നിക്ഷേപമുള്ള സ്ഥലങ്ങൾ ലേലം ചെയ്ത് നൽകാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കെ.എസ്.എഫ്.ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ്

*486 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കുടിശികകൾക്ക് വൺ ടൈം സെറ്റിൽമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ. ചിട്ടികളും ലോണുകളും ജനങ്ങൾക്ക് കൂടുതൽ ലളിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി

*487 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കുന്ന ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവയിൽ നിന്നുള്ള വരുമാനം ഏതെല്ലാം മേഖലകളിൽ നിന്നാണെന്ന് പരിശോധിക്കാൻ നിലവിൽ

സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉല്പന്നം തിരിച്ചുള്ള നികുതി പിരിവിന്റെ കണക്ക് നിർണ്ണയിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഉല്പന്നങ്ങളുടെ വിറ്റുവരവ് കണക്കാക്കി നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## അധിക കടമെടുപ്പിന് കേന്ദ്ര അനുമതി

*488 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം എഫ്.ആർ.ബി.എം. നിയമം നിഷ്കർഷിക്കുന്ന തുകയേക്കാൾ കൂടുതൽ സംസ്ഥാനം കടം എടുത്തുവെന്നത് വസ്തുതയാണോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ വർഷാവസാന ചെലവ് മറികടക്കുന്നതിനായി കൂടുതൽ കടമെടുക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും അനുമതി തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അനിയന്ത്രിതമായ കടമെടുപ്പ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ ഏത് വിധത്തിലാണ് ബാധിക്കുകയെന്ന് പരിശോധിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ മേഖലയിൽ സാങ്കേതിക വിദ്യാധിഷ്ഠിത ബാങ്കിംഗ്

*489 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വികസിത സഹകരണമേഖലയെ ദുർബലപ്പെടുത്തുന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിയമ-നിയന്ത്രണ നടപടികൾ ജനാധിപത്യരീതിയിൽ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ കാല സാങ്കേതിക മുന്നേറ്റത്തിലൂന്നിയ പ്രവർത്തന പദ്ധതികളിലൂടെ സഹകരണ മേഖലയിൽ വൈവിധ്യവത്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയുടെ ആധുനികീകരണത്തിനും സാങ്കേതികവിദ്യാധിഷ്ഠിത ബാങ്കിംഗ് ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സാധാരണ ബാങ്കിങ് ഇടപാടുകൾക്ക് പുറമെ ഐ.ടി. പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള റീസ്കിൽ, അപ്പ്സ്കിൽ ട്രെയിനിംഗുകൾ, സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ സഹകരണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ

*490 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ സമഗ്ര പരിഷ്കരണവും ബോർഡ് വക ക്ഷേത്രങ്ങളുടെ മെച്ചപ്പെട്ട പരിപാലനവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാജ്യത്താദ്യമായി ഒരു ക്ഷേത്രത്തിന്റെ നേതൃത്വത്തിൽ സൗജന്യ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ പ്രസ്തുത ദേവസ്വത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ബോർഡിനു കീഴിൽ ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിനായുള്ള ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ

*491 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം പദ്ധതി നയരൂപീകരണത്തിനൊപ്പം സഹകരണവകുപ്പിന്റെ നിർവ്വഹണ രീതിയിലും മാറ്റങ്ങളുണ്ടാകണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സ്വാതന്ത്ര്യം ലഭിക്കുന്നവിധം നിലവിലുള്ള സഹകരണ നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ, സേവന മേഖലകളിലേക്ക് കൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വ്യാപാര-വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും പലകാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തികാവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വ്യവസായ-സേവന മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ

*492 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിലെ തൊഴിലാളികളിൽ വലിയൊരു ഭാഗവും പരമ്പരാഗത വ്യവസായങ്ങളിലാണ് പണിയെടുക്കുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉൽപ്പാദനക്ഷമതയിലെ കുറവും ആധുനികവൽക്കരണത്തിന്റെ അഭാവവും പരമ്പരാഗത വ്യവസായ മേഖലയിൽ ഉയർത്തുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയുടെ ആധുനികവൽക്കരണത്തിന് ഈ സർക്കാർ മികച്ച പിന്തുണ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നവീന വ്യവസായ-സേവന മേഖലകളിൽ പുതിയ സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ സംസ്ഥാനം ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ; ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രയോഗത്തിൽ വരുത്തുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആധുനിക വ്യവസായമേഖലയിൽ പ്രോത്സാഹന, നിക്ഷേപസൗകര്യ പ്രവർത്തനങ്ങൾ കൂടുതൽ വിശാലമായി നടപ്പിൽ വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## <u>വ്യാവസായിക അടിസ്ഥാനത്തിൽ സോളാർ വൈദ്യുതി ഉല്പാദനം</u>

*493 **ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ തോമസ് കെ തോമസ്**

**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക അടിസ്ഥാനത്തിൽ സോളാർ വൈദ്യുതി ഉല്പാദനം നടത്തുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

## <u>വ്യവസായ രംഗത്ത് നൂതന സാങ്കേതികവിദ്യാ മേഖലകൾ</u>

*494 **ശ്രീ വി ശശി**

**ശ്രീ പി എസ് സുപാൽ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതികവിദ്യയുടെ മികച്ച കേന്ദ്രമായി ലോകത്തിനു മുന്നിൽ സംസ്ഥാനത്തെ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ വികസന പദ്ധതികളിൽ നൂതന സാങ്കേതികവിദ്യാ മേഖലയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും മികച്ച വ്യവസായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രാജ്യത്തെ റോബോട്ടിക്സ് മേഖലയിൽ 2024 മുതൽ 2028 വരെ വലിയ വളർച്ചാ നിരക്ക് പ്രതീക്ഷിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അനുകൂല സാഹചര്യം പൂർണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിൽ മുൻഗണനാ മേഖലകളിലൊന്നായി റോബോട്ടിക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആരോഗ്യമേഖല, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വ്യാപകമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകക്കാരന്റെ സ്ഥലംമാറ്റം

*495 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ നടത്തി കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിൽ നിയമിച്ചയാളെ സ്ഥലംമാറ്റിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സമാനമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## റിഫ്രഷ് ആന്റ് റീചാർജ്ജ്

*496 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി ജോയി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതലമുറ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് ലക്ഷ്യമിട്ട് 'റിഫ്രഷ് ആന്റ് റീചാർജ്ജ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ലഭ്യമായ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചറിനെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; അനുദിനം മാറിവരുന്ന സാങ്കേതികവിദ്യകൾക്കനുസൃതമായി ഇവ നവീകരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ കവറേജ് വർദ്ധിപ്പിക്കുന്നതിന്

പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**റിന്യൂവബിൾ പവർ കോർപ്പറേഷന്റെ പ്രവർത്തനം**

*497 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പാർക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള റിന്യൂവബിൾ പവർ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ കമ്പനിയെ സിയാൽ മോഡലിൽ പരിവർത്തനപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്.പി.വി-യുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

**നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ**

*498 **ശ്രീ വി കെ പ്രശാന്ത്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയിൽ ആർജ്ജിച്ചിട്ടുള്ള വിശ്വാസ്യത നിക്ഷേപ സമാഹരണ രംഗത്ത് ഗുണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ബാങ്കിംഗ് മേഖലയിലെ പ്രധാന വെല്ലുവിളിയായ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഗുണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിഷ്ക്രിയ ആസ്തി റിക്കവറി കാര്യത്തിൽ കേരള ബാങ്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇത് നേടുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്; വിശദീകരിക്കുമോ?

**കെ.എസ്.ഇ.ബി. പദ്ധതികളുടെ കാലതാമസം**

*499 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പദ്ധതികൾ വൈകുന്നതു മൂലമുണ്ടാകുന്ന ചെലവ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ പാടില്ലെന്ന് റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതികൾ കൃത്യമായി വിലയിരുത്താനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**<u>സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സഹായം</u>**

*500 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാനുള്ളതിൽ വെട്ടിക്കുറച്ച തുക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കൂടൽമാണിക്യം ക്ഷേത്രത്തിലെ നിയമനത്തിൽ ജാതി വിവേചനം</u>**

*501 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ നടത്തി കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിൽ നിയമിച്ച വ്യക്തിക്കെതിരെ ജാതി വിവേചനം നടന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് വീഴ്ച പറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യെ ഉപഭോക്തൃ സൗഹൃദമാക്കാൻ നടപടി</u>**

*502 **ശ്രീ. എ. രാജ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യെ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറിയ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ഇളവുകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ബില്ലിംഗ്, പണമടയ്ക്കൽ, പരാതി പരിഹാരം എന്നീ രംഗങ്ങളിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## ടെക്സ്റ്റൈൽ, കൈത്തറി മേഖലകളുടെ ഉന്നമനം

*503 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിലേക്ക് എത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വ്യവസായമേഖലയിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള അനുകൂല സാഹചര്യങ്ങൾ ടെക്സ്റ്റൈൽ, കൈത്തറി മേഖലകളിൽ നിക്ഷേപം വർദ്ധിക്കുന്നതിന് സഹായകമാകുമോ; വിശദമാക്കുമോ;

(സി) കൈത്തറി വ്യവസായരംഗത്ത് നിർമ്മിതബുദ്ധി അധിഷ്ഠിത റിബേറ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായ ടെക്സ്റ്റൈൽ കോൺക്ലേവിൽ ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ഈ രംഗത്തെ സംരംഭകർക്ക് ഒരു പുത്തൻ ദിശാബോധം നൽകുന്നതിന് സഹായകമാകുമോ; വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ അനിയന്ത്രിതമായ വിലക്കയറ്റം

*504 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഫെബ്രുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റ നിരക്ക് 2025 ജനുവരിയെക്കാൾ ഉയർന്നു എന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയതലത്തിൽ വിലക്കയറ്റത്തിന്റെ തോത് കുറയുമ്പോൾ സംസ്ഥാനത്ത് അനിയന്ത്രിതമായി വിലക്കയറ്റം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ?

## മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഹബ്

*505 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര മേഖലയിലെ തൊഴിൽ സാധ്യതകൾ സജ്ജമാക്കാൻ കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഹബ് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിവഴി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

## <u>ഹൈഡ്രജൻ വാലി പദ്ധതി</u>

*506 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈഡ്രജൻ വാലി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എസ്.പി.വി. രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത എസ്.പി.വി.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; ഇതിന്റെ ഭാഗമായി ഹൈഡ്രജൻ മൊബിലിറ്റി പദ്ധതിയുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹരിത ഹൈഡ്രജൻ വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനും കയറ്റുമതി ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇതിനുള്ള താല്പര്യപത്രങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

*507 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ചികിത്സാ ചെലവിന്റെ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ക്ലെയിമുകൾ വെട്ടിക്കുറച്ച് ഇൻഷുറൻസ് കമ്പനി ലാഭമുണ്ടാക്കുന്നതായുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള ക്ലെയിമുകളിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ?

**കർഷക ഉൽപ്പാദക സംഘങ്ങളുടെ ശാക്തീകരണം**

*508 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തെ അഭിവൃദ്ധി ലക്ഷ്യമിട്ട് സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷക ഉൽപ്പാദക സംഘങ്ങളുടെ ശാക്തീകരണത്തിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം നേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ പ്രവർത്തിച്ചു വരുന്ന കർഷക ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട് സഹകരണ മേഖലയുടെ പിന്തുണയോടെ രൂപീകരിക്കുന്ന എഫ്.പി.ഒ.-കളുടെ പ്രവർത്തനം ഏത് രീതിയിലാകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

**വ്യവസായ രംഗത്ത് സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികൾ**

*509 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് സമഗ്ര പുരോഗതിയെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ആത്മവിശ്വാസം വളർത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങൾക്ക് ശരാശരി നൂറ് കോടി രൂപ വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള പിന്തുണയാണ് സർക്കാർ ഉറപ്പ് നൽകുന്നതെന്നും വിശദീകരിക്കുമോ?

**പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പാദന മൂല്യം**

*510 **ശ്രീ എം നൗഷാദ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പാദന മൂല്യം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നുള്ള ഉല്പാദന മൂല്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രംഗത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ തൊഴിലും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 17, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].